**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1053** **10.08.2017- ൽ മറുപടിക്ക്**

**ഒറ്റപ്പാലം ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. ഉണ്ണി** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഒറ്റപ്പാലം ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം വെളിപ്പെടുത്താമോ;<br><br>(ബി) ബൈപ്പാസ് നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് ; | (എ) യു (ബി) യും | സ.ഉ (സാധാ) നം. 1324/2016/പൊ.മ.വ തീയതി 27.09.2016 പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് കിഫ്ബി-യിൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാൻ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്. ഇതിന്റെ ഭാഗമായി ടോപോഗ്രാഫിക് സർവ്വേ, ട്രാഫിക് സർവ്വേ, മണ്ണുപരിശോധന എന്നിവ പൂർത്തിയായിട്ടുണ്ട്. |
| (സി) ബൈപ്പാസിനുവേണ്ട സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ? | (സി) | വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയതിനു ശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുക സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ |

സെക്ഷൻ ഓഫീസർ